**കേരള സർക്കാർ**

തദ്ദേശസ്വയംഭരണ (ഇഎം) വകുപ്പ്

നം. 318781/ഇഎം1/2015/തസ്വഭവ തിരുവനന്തപുരം, തീയതി: 16.11.2015

**സർക്കുലർ**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2015-ലെ പൊതുതെരഞ്ഞെടുപ്പ് - സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ച തീയതിയിൽ പ്രതിജ്ഞയെടുക്കാൻ സാധിക്കാതെ വന്നത് - പുതിയ തീയതി നിശ്ചയിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 27.10.2015-ലെ 318781/ഇ.എം.1/2015/തസ്വഭവ നമ്പർ സർക്കുലർ.
2. 16.11.2015-ലെ ശ്രീ.ചാക്കൊ ജോസഫ് സമർപ്പിച്ച അപേക്ഷ.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള, 2015 നവംബറിൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലും ഫലപ്രഖ്യാപനവും കഴിഞ്ഞതിനുശേഷം, ഭരണ സമിതിയുടെ കാലാവധി 31.10.2015, 5.11.2015 തീയതികളിൽ അവസാനിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളും 2015 നവംബർ 12-ാം തീയതി സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ എടുത്ത് അധികാരമേൽക്കേണ്ടതാണെന്ന നിർദ്ദേശം പരാമർശം (1)-ലെ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്നു.

എന്നാൽ വ്യക്തിപരമായ ചില കാരണങ്ങളാൽ 2015 നവംബർ 12-ാം തീയതി സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യാൻ സാധിക്കാതെ വന്നതിനാൽ 2015 നവംബർ മാസം 18-ാം തീയതി നടക്കുന്ന മുനിസിപ്പൽ ചെയർമാൻ, വൈസ് ചെയർമാൻ തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിനു വേണ്ടി പ്രസ്തുത തിരഞ്ഞെടുപ്പിന് മുമ്പായി മുനിസിപ്പൽ കൗൺസിൽ അംഗമായി സത്യപ്രതിജ്ഞ ചെയ്യുന്നതിനുള്ള അനുവാദം നൽകണമെന്ന് പരാമർശം (2) പ്രകാരം ഏറ്റുമാനൂർ മുനിസിപ്പൽ കൗൺസിലിലെ 29-ാം വാർഡിൽ (പാറോലിക്കൽ) നിന്ന് തിരഞ്ഞെടുക്കപ്പെട്ട ശ്രീ.ചാക്കൊ ജോസഫ് ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2015 നവംബർ 12-ാം തീയതിയിൽ വ്യക്തിപരമായ കാരണങ്ങളാൽ സത്യപ്രതിജ്ഞയോ/ദൃഢപ്രതിജ്ഞയോ ചെയ്യാൻ സാധിക്കാതെ പോയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരുടെ

സത്യപ്രതിജ്ഞയോ/ദൃഢപ്രതിജ്ഞയോ **2015 നവംബർ മാസം 18-ാം തീയതി രാവിലെ 10 മണിക്ക്** നടത്താവുന്നതാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട വരണാധികാരിയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയും ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ സംബന്ധിച്ച സൂചന (1) പ്രകാരം പുറപ്പെടുവിച്ച സർക്കുലർ മേൽപ്പറഞ്ഞ പ്രകാരം ഭേദഗതി ചെയ്തിട്ടുള്ളതായി കണക്കാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജെയിംസ് വർഗ്ഗീസ്**
പ്രിൻസിപ്പൽ സെക്രട്ടറി.

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം/കൊച്ചി/കോഴിക്കോട്.

എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാർക്കും

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ